**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1631** **13-02-2025 - ൽ മറുപടിയ്ക്ക്**

**അഗ്രോ സർവ്വീസ് സെന്ററുകൾ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. സി. എച്ച്. കുഞ്ഞമ്പു** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | അഗ്രോ സർവ്വീസ് സെന്ററുകൾ മുഖേന കർഷകർക്ക് എന്തൊക്കെ സേവനങ്ങളാണ് നൽകിവരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | അഗ്രോ സർവ്വീസ് സെന്ററുകളിലൂടെ കർഷകർക്ക് ലഭിക്കുന്ന വിവിധ സേവനങ്ങളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | അഗ്രോ സർവ്വീസ് സെന്ററുകളുടെ സേവനം മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ; | (ബി) | അഗ്രോ സർവ്വീസ് സെന്ററുകളുടെ സേവന മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഇവയുടെ പ്രവർത്തനം, കാർഷികയന്ത്രങ്ങളുടെ നിജസ്ഥിതി, സാമ്പത്തിക നിജസ്ഥിതി എന്നിവ കേരള സംസ്ഥാന കാർഷികയന്ത്രവൽക്കരണ മിഷൻ ശേഖരിച്ച് വിശകലനം ചെയ്യാറുണ്ട്. ഓരോ വർഷവു ജില്ലാതലത്തിൽ അവലോകനയോഗം നടത്തി കാർഷിക സേവന കേന്ദ്രങ്ങളുടെ സാമ്പത്തിക സ്ഥിതിയും, പ്രവർത്തനവു മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശ നൽകുന്നുണ്ട്. കാർഷിക സേവന കേന്ദ്രങ്ങളിലെ കേടായി കിടക്കുന്ന കാർഷിക യന്ത്രങ്ങൾ മിഷൻ അറ്റകുറ്റപ്പണി നടത്തി പ്രവർത്തന സജ്ജമാക്കുകയും സേവനദായകർക്ക് വിവിധ സംരംഭങ്ങളിൽ (ഫലവൃക്ഷ തൈ ഗ്രാഫ്റ്റിംഗ്, പച്ചക്കറിതൈ ഗ്രാഫ്റ്റിംഗ്) പരിശീലനവും മറ്റ് നൈപുണ പരിശീലനവും നടത്താറുണ്ട് കാർഷികസേവനകേന്ദ്രങ്ങളുടെ വിലയിരുത്തൽ റിപ്പോർട്ട് മിഷൻ ശേഖരിച്ച് മിഷന്റെ ഭരണസമിതി യോഗത്തിൽ അവതരിപ്പിക്കാറുണ്ട്. |
| (സി) | അഗ്രോ സർവ്വീസ് സെന്ററുകൾ ലാഭകരമായാണോ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | നിലവിൽ സംസ്ഥാനത്ത് സജീവമായി പ്രവർത്തിക്കുന്ന 87 കാർഷിക സേവന കേന്ദ്രങ്ങളിൽ 62 എണ്ണം വളരെ ലാഭകരമായാണ് പ്രവർത്തിക്കുന്നത്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

1. കർഷകർക്ക് യഥാസമയം തൊഴിലാളികളെയും യന്ത്രസാമഗ്രികളും നൽകിക്കൊണ്ട് കാർഷിക മേഖലയിൽ കാർഷിക പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള പിന്തുണ നൽകുക.
2. കൃഷിക്കാർക്ക് ആവശ്യമായ ഗുണനിലവാരമുള്ള വിത്തുകൾ, നടീൽ വസ്തുക്കൾ, രാസവളങ്ങൾ, സൂക്ഷ്മ പോഷകങ്ങൾ എന്നിവ ഉല്പാദിപ്പിക്കുകയും വിതരണം ചെയ്യുകയും ചെയ്യുക.
3. ജൈവ രോഗകീട നിയന്ത്രണ വസ്തുക്കൾ, ഫെറോമോൺ കെണികൾ, ജൈവ വളങ്ങൾ, ബയോഫെർട്ടിലൈസർ, ചെടികളുടെ മറ്റിതര ജൈവ ഉല്പാദനഘടകങ്ങൾ എന്നീ സേവനങ്ങൾ നൽകുന്ന  ബയോ ഫാർമസികൾ സജ്ജമാക്കുക.
4. വിള പരിപാലനം, വളർച്ച, സസ്യരോഗ്യ സംരക്ഷണം, ഫാം ക്ലിനിക് സേവനം, കാലാവസ്ഥയുമായി ബന്ധപ്പെട്ട സേവനങ്ങൾ, രോഗ കീട നിരീക്ഷണം, വിള ആരോഗ്യ നിരീക്ഷണം എന്നീ സേവനങ്ങൾ നൽകുന്നതിന് സംവിധാനം ഒരുക്കുക, സേവനം നൽകുക.
5. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പിന്തുണയോടെ തരിശുഭൂമി കൃഷി ചെയ്യുക.
6. കാർഷിക യന്ത്രങ്ങൾ, കാർഷിക ഉപകരണങ്ങൾ എന്നിവ യഥാസമയം അറ്റകുറ്റപണി നടത്തി പ്രവർത്തന സജ്ജമാക്കുന്നതിന് റിപ്പയർ, സർവീസ് യൂണിറ്റുകൾ സ്ഥാപിക്കുക.
7. കാർഷിക കർമ്മസേനയ്ക്ക് കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും വാടക അടിസ്ഥാനത്തിൽ നൽകുക, കൂടാതെ ബ്ലോക്കിന് കിഴിലുള്ള കർഷിക കർമ്മസേനയുടെ പ്രവർത്തനം സുഗമമാക്കുക.
8. കർഷകരുടെ വയലിൽ കണിക ജലസേചന സംവിധാനങ്ങളായ സ്പ്രിംഗ്ളർ, ഡ്രിപ്പ് ഇറിഗേഷൻ സംവിധാനങ്ങൾ എന്നിവ ഉൾപ്പെടെയുള്ള ജലസേചന സൗകര്യങ്ങൾ സ്ഥാപിക്കുന്നതിന് സേവനങ്ങൾ നൽകുക.
9. മഴ മറകളും പോളി ഹൗസുകളും നിർമ്മിക്കുന്നത് ഉൾപ്പെടെയുള്ള 'ഹൈടെക്' നൂതന കാർഷിക രീതികൾ സ്വീകരിക്കുന്നതിനുള്ള സേവനങ്ങൾ നൽകുക.
10. മണ്ണ് പരിശോധന ലബോറട്ടറികൾ സ്ഥാപിക്കുകയും തുടർന്ന് മണ്ണ് പരിശോധന അടിസ്ഥാനത്തിലുള്ള ശിപാർശകൾ നൽകുകയും ചെയ്യുക.
11. ആത്മ സംഘടിപ്പിക്കുന്ന സംസ്ഥാനങ്ങളിലെ/ ജില്ലകളിലെ കൃഷിയിട സന്ദർശനങ്ങളിലൂടെ നമ്മുടെ കൃഷിയിടങ്ങൾക്ക് ഉപയോഗപ്രദമാണെന്ന് തിരിച്ചറിഞ്ഞ യന്ത്രങ്ങൾ, സാങ്കേതികവിദ്യ മുതലായവ സമാഹരിക്കുന്നതിനും ഉപയോഗപ്പെടുത്തുന്നതിനും കർഷകരെ സഹായിക്കുന്നതിന് 'ടെക്നോളജി മീഡിയേറ്റർ', 'ഫെസിലിറ്റേറ്റർ' എന്നീ നിലകളിൽ പ്രവർത്തിക്കുക.

12. ഉല്പാദനക്ഷമതയും വരുമാനവും വർദ്ധിപ്പിക്കുന്നതിനും ഉല്പാദനച്ചെലവ് കുറയ്ക്കുന്നതിനും ആവശ്യമായ നൂതന സാങ്കേതികവിദ്യ സ്വീകരിക്കുന്നതിനും ഫലപ്രദമായി നടപ്പാക്കുന്നതിനും വേണ്ടുന്ന സേവനം നൽകുക.

13. കൃഷിക്കാർ ആവശ്യപ്പെടുന്നതനുസരിച്ച് പ്രാദേശിക ആവശ്യങ്ങൾക്കനുസൃതമായി കാർഷിക മേഖലയിലെ എല്ലാ സഹായ സേവനങ്ങളും നൽകുക.

14. കാർഷിക ഉല്പന്നങ്ങളുടെ സംസ്കരണം, മൂല്യവർദ്ധന. കാർഷികോൽപ്പന്നങ്ങളുടെ വിപണനം എന്നിവയിലുള്ള സേവനങ്ങൾ നൽകുക.

15. കന്നുകാലി വളർത്തലിനുള്ള ആധുനിക സൗകര്യങ്ങളുള്ള തൊഴുത്തുകൾ, കോഴി വളർത്തൽ, ആട് വളർത്തൽ എന്നിവയ്ക്കുള്ള ഷെഡ്ഡുകൾ, മത്സ്യ വളർത്തൽ ഉപകരണങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള മത്സ്യക്കുളങ്ങൾ എന്നിവയുടെ നിർമ്മാണത്തിനായി സേവനങ്ങൾ നൽകുക.

16. തൊഴിൽ നൈപുണ്യം, കാര്യക്ഷമത പരിപോഷണം, പ്രവർത്തി പരിചയ പരിശീലനം, പരിശീലന ശേഷം തൊഴിൽ നൽകുന്ന പ്ലാറ്റ്ഫോം എന്നിവയുടെ സേവന കേന്ദ്രങ്ങളായി പ്രവർത്തിക്കുക.

സെക്ഷൻ ഓഫീസർ